"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ്- പാലക്കാട് കൊട്ടാരശ്ശേരി എ എൽ പി സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ എ. എസ്. മുഹമ്മദ് ഹുസൈൻ ഫയൽ ചെയ്ത റിട്ട് ഹർജി WP(C) No. 15037/2025 ൽ ബഹു. ഹൈക്കോടതിയുടെ 13/06/2025 വിധിന്യായം പാലിച്ചു കൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

**സ.ഉ.(സാധാ) നം.10607/2025/GEDN** തീയതി,തിരുവനന്തപുരം, 29-12-2025

---

പരാമർശം:-

1. പാലക്കാട് കൊട്ടാരശ്ശേരി എ എൽ പി സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ എ. എസ്. മുഹമ്മദ് ഹുസൈൻ സമർപ്പിച്ച 03/06/2025 തീയതി ഹർജി (Ext. P15).
2. WP(C) No. 15037/2025 റിട്ട് ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ 13/06/2025 തീയതിയിലെ വിധിന്യായം.
3. 28/07/2025 തീയതിയിലെ GE-DA3/87/2025-G.EDN നമ്പർ സർക്കാർ കത്ത്.
4. ആലത്തൂർ ഉപജില്ല വിദ്യാഭ്യാസ ഓഫീസറുടെ 14/10/2025, 20/10/2025 തീയതികളിലെ AEOALT/140/2025-C നമ്പർ കത്ത്.
5. പാലക്കാട് വിദ്യാഭ്യാസ ഉപഡയറക്ടറുടെ 14/10/2025 തീയതിയിലെ DDEPKD/3639/2022-B2 നമ്പർ കത്ത്.
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 26/10/2025 തീയതിയിലെ DGE/16010/2023-VA5 നമ്പർ കത്ത്.

**ഉത്തരവ്**

പാലക്കാട് കൊട്ടാരശ്ശേരി എയ്ഡഡ് ലോവർ പ്രൈമറി സ്കൂളിലെ മുൻ പ്രഥമാദ്ധ്യാപകൻ ശ്രീ.എ.എസ്. മുഹമ്മദ് ഹുസൈൻ, ടിയാൾ വേല വിലക്കിലായിരുന്ന 21.07.2022 മുതൽ 26.07.2024 വരെയുള്ള കാലയളവ് റഗുലറൈസ് ചെയ്യുന്നതിനുള്ള സ്കൂൾ മാനേജരുടെ ആവശ്യം നിരസിച്ചു കൊണ്ടുള്ള ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 20/02/2025 തീയതിയിലെ AEOALT/575/2024-C ഉത്തരവ് പുന:പരിശോധിച്ച് കൊണ്ട് വേല വിലക്ക് കാലയളവ് ക്രമവൽക്കരിക്കണമെന്നും 31/05/2025ൽ സേവനത്തിൽ നിന്നും വിരമിച്ച ടിയാളുടെ പെൻഷൻ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള നടപടികൾ വേഗത്തിലാക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് സർക്കാർ മുൻപാകെ പരാമർശം (1) പുന:പരിശോധന ഹർജി സമർപ്പിച്ചിരുന്നു. ടി ഹർജി പൊതുവിദ്യാഭ്യാസ ഡയറക്ടർ തലത്തിൽ പരിശോധിച്ച് ഹിയറിംഗ് നടത്തി തീരുമാനമെടുക്കുന്നതിന് പരാമർശം (3) കത്ത് മുഖേന പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

തുടർന്ന്, ശ്രീ. എ. എസ്. മുഹമ്മദ് ഹുസൈൻ ബഹു. ഹൈക്കോടതി മുൻപാകെ WP(C)

15037/2025 റിട്ട് ഹർജി ഫയൽ ചെയ്യുകയും, ടി ഹർജിയിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (2) വിധിന്യായത്തിൽ ഹർജിക്കാരൻ സമർപ്പിച്ച പരാമർശം (1) ഹർജിയിന്മേൽ വാദം കേട്ട് ഉചിതമായ ഉത്തരവ് പുറപ്പെടുവിക്കുന്നതിന് ഒന്നാം എതിർകക്ഷിയായ പൊതുവിദ്യാഭ്യാസ വകുപ്പ് സെക്രട്ടറിക്ക നിർദേശം നൽകിക്കൊണ്ടു ഉത്തരവാകുകയും ചെയ്തിരുന്നു. ഇതു പ്രകാരം ബന്ധപ്പെട്ട കക്ഷികൾ, വിദ്യാഭ്യാസ ഓഫീസർമാർ എന്നിവരുമായി 15/10/2025 തീയതിയിൽ ഗൂഗിൾ മീറ്റ് മുഖേന കൂടിക്കാഴ്ച നടത്തുകയുണ്ടായി.

**2. ഹർജിക്കാരനായ ശ്രീ. എ.എസ്. മുഹമ്മദ് ഹുസൈന്റെ വാദം ഇപ്രകാരമാണ് :**

21.07.2022 മുതൽ 26.07.2024 വരെ ഞാൻ വേല വിലക്കിലായിരുന്നു. എന്നിൽ ആരോപിച്ച ആരോപണങ്ങളും കുറ്റാരോപണങ്ങളും കോടതികളിലോ മറ്റ് വിദ്യാഭ്യാസ അധികൃതരുടെ മുന്നിലോ തെളിയിക്കാൻ കഴിയാത്തതിനാൽ 21.11.2024 ൽ മാനേജർ പുറപ്പെടുവിച്ച ഉത്തരവിന്റെ അടിസ്ഥാനത്തിൽ എന്നെ സർവീസിൽ തിരിച്ചെടുക്കുകയും തുടർന്ന് എന്റെ സർവീസ് റെഗുലറൈസ് ചെയ്തു ഡ്യൂട്ടിയായി പരിഗണിച്ച് ഉത്തരവിടുകയും ചെയ്തു. ആയതിനാൽ ഈ കാലയളവിലെ മുഴുവൻ ശമ്പളവും ആനുകൂല്യങ്ങളും ലഭിക്കുവാൻ ഞാൻ പൂർണ്ണമായും അർഹനാണ്. ഇതുമായി ബന്ധപ്പെട്ട കത്ത് മാനേജർ നേരിൽ വിദ്യാഭ്യാസ അധികൃതർക്ക് സമർപ്പിച്ചിട്ടുണ്ട്.

ഇതുമായി ബന്ധപ്പെട്ട് യാതൊരു വിധ ശിക്ഷാ നടപടികളോ അച്ചടക്ക നടപടികളോ കോടതിയിൽ നിന്നോ വിദ്യാഭ്യാസ അധികൃതരിൽ നിന്നോ ഉണ്ടായിട്ടില്ല. മാത്രമല്ല പാലക്കാട് വിദ്യാഭ്യാസ ഓഫീസറിൽ നിന്ന് യാതൊരു വിധ കുറ്റകരമായ റിപ്പോർട്ട് എനിക്കെതിരെ ഇതുവരെ വന്നിട്ടില്ല. ബഹു. ഡിവിഷൻ ബെഞ്ചിന്റെ നിർദ്ദേശപ്രകാരം നടത്തിയ അന്വേഷണത്തിലും എനിക്കെതിരെ ഡിപ്പാർട്ട്മെൻറ് കുറ്റം ചുമത്തിയിട്ടില്ല. മേൽ വസ്തുതകളുടെ അടിസ്ഥാനത്തിൽ എന്റെ വേല വിലക്ക് കാലഘട്ടത്തിലുള്ള മുഴുവൻ ശമ്പളവും ആനുകൂല്യങ്ങളും സർവീസും അനുവദിച്ചു കിട്ടുവാൻ അപേക്ഷിക്കുന്നു

**3. സ്കൂൾ മാനേജരുടെ വാദം ഇപ്രകാരമാണ് :**

കൊട്ടാരശ്ശേരി എ.എൽപി. സ്കൂളിലെ പ്രധാനാധ്യാപകനായിരുന്ന ശ്രീ. എ.എസ്. മുഹമ്മദ് ഹുസൈനെ 21.07.2022 ന് സേവനത്തിൽ നിന്നും മാനേജർ സസ്പെൻഡ് ചെയ്തിരുന്നു. തുടർന്ന് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ നടത്തിയ പ്രാഥമിക അന്വേഷണത്തിൽ ഹെഡ്മാസ്റ്ററുടെ മേൽ ആരോപിക്കപ്പെട്ടിരിക്കുന്ന കുറ്റങ്ങൾ ശരിയാണെന്ന് ബോധ്യപ്പെടുകയും ആയതിന്റെ വെളിച്ചത്തിൽ സസ്പെൻഷൻ കാലയളവ് ആറുമാസത്തേക്ക് ദീർഘിപ്പിക്കുകയും ചെയ്തിരുന്നു. തുടർന്ന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ സസ്പെൻഷൻ കാലയളവ് ആറ് മാസത്തിൽ കൂടുതൽ ദീർഘിപ്പിച്ച് ഉത്തരവായി. ഈ സാഹചര്യത്തിൽ ശ്രീ മുഹമ്മദ് ഹുസൈൻ തന്നെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ബഹു. കേരള ഹൈക്കോടതി മുൻപാകെ കേസ് ഫയൽ ചെയ്യുകയും ബഹു. കേരള ഹൈക്കോടതി അദ്ദേഹത്തെ തിരികെ സേവനത്തിൽ പ്രവേശിപ്പിക്കാൻ വിധി പ്രസ്താവിക്കുകയും ചെയ്തു. ആയതിന്റെ വെളിച്ചത്തിൽ സ്കൂൾ ട്രസ്റ്റ് മീറ്റിംഗ് കൂടുകയും ശ്രീ. എ.എസ്. മുഹമ്മദ് ഹുസൈനെ സർവീസിൽ പ്രവേശിപ്പിച്ചുകൊണ്ടുള്ള ഉത്തരവ് മാനേജരായ ഞാൻ നൽകുകയും ചെയ്തു. അദ്ദേഹം 26.07.2024 ന് തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

21.07.2022 മുതൽ 25.07.2024 വരെയുള്ള സസ്പെൻഷൻ കാലയളവ് റെഗുലറൈസ് ചെയ്യുന്നതിനായി മാനേജരായ ഞാൻ യാതൊരു വിധ അപേക്ഷകളും മുഹമ്മദ് ഹുസൈനോ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്കോ നൽകിയിട്ടില്ലാത്തതാകുന്നു.

15.10.2025 ന് നടന്ന കൂടിക്കാഴ്ചയിൽ മാനേജർ ശ്രീ. മുഹമ്മദ് ഹുസൈന്റെ സസ്പെൻഷൻ കാലയളവ് റെഗുലറൈസ് ചെയ്യുന്നതിനായി അപേക്ഷ നൽകിയതായി അറിയാൻ കഴിഞ്ഞു. പ്രസ്തുത രേഖകളിൽ എന്റെ അറിവോ സമ്മതമോ കൂടാതെ വ്യാജമായി എന്റെ ഒപ്പും സീലും വച്ചാണ് രേഖകൾ സമർപ്പിച്ചിരിക്കുന്നതെന്ന് ഞാൻ മനസ്സിലാക്കുന്നു.

ശ്രീ. മുഹമ്മദ് ഹുസൈൻ ഹെഡ്മാസ്റ്റർ ആയിരുന്ന സമയത്ത് മുൻ മാനേജരുടെ ഒപ്പ് വ്യാജമായി രേഖപ്പെടുത്തി ഫൗസിയ എ.എസ്., ഷിഫാ.കെ.ഐ., ഹിമ സുർജിത്ത് എന്നിവരെ അധ്യാപകരായി നിയമിക്കുകയുണ്ടായി. ഈ നിയമനം നടത്തിയത് മുൻ മാനേജർ മനസ്സിലാക്കിയതിനെ തുടർന്ന് ബഹു. പൊതു വിദ്യാഭ്യാസ അഡിഷണൽ ഡയറക്ടർക്ക് (വിജിലൻസ്) പരാതി സമർപ്പിക്കുകയും ആയതിന്മേൽ 31.08.2023 തീയതിയിൽ കൂടിക്കാഴ്ച നടത്തി VA3/583755 നമ്പർ ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിൽ വ്യാജ ഒപ്പ് രേഖപ്പെടുത്തി അധ്യാപക നിയമനം നടത്തിയ വിഷയത്തിൽ ആലത്തൂർ പോലീസിൽ കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തുന്നതിനായി ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിക്കുകയും ചെയ്തിട്ടുണ്ട്. തുടർന്ന് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ ആലത്തൂർ ഡി.വൈ.എസ്.പി. ക്ക് പരാതി നൽകിയിട്ടുണ്ട്. ആയതിന്മേൽ നാളിതുവരെ യാതൊരന്വേഷണവും നടന്നതായി കാണുന്നില്ല.

മുൻ മാനേജരായ ഖദീജാ ബീവിയും നിലവിലെ മാനേജരായ ഞാനും വ്യാജ ഒപ്പ് രേഖപ്പെടുത്തി നിയമനം നടത്തിയ വിഷയത്തിൽ വെവ്വേറെ പരാതികൾ പാലക്കാട് എസ്.പി. അവർകൾ മുൻപാകെ സമർപ്പിച്ചിട്ടുള്ളതാണ്.

ശ്രീ. നാരായണൻ കെ., എരകുളം എന്ന വ്യക്തിയിൽ നിന്നും വിദ്യാഭ്യാസ നിയമങ്ങൾക്കും ചട്ടങ്ങൾക്കും വിരുദ്ധമായി പണം കടം വാങ്ങുകയും തിരിച്ചു നൽകാത്തതിന്റെയും പേരിൽ ടിയാൾ ആലത്തൂർ മുൻസിഫ് കോടതിയിൽ ഫയൽ ചെയ്ത OS 166/2014 dated 20.09.2017 ലെ വിധി അനുസരിച്ച് 6,50,000/-രൂപയും 6% പലിശയും ഉൾപ്പെട്ട തുക നൽകാത്തതിന്റെ പേരിൽ ശ്രീ. മുഹമ്മദ് ഹുസൈനെതിരെ കോടതിയിൽ നിന്ന് വാറണ്ട് പുറപ്പെടുവിച്ചുണ്ട്. ഉച്ചഭക്ഷണവുമായി ബന്ധപ്പെട്ട ഏതാനും വർഷങ്ങളിലെ ഉച്ചഭക്ഷണ വിതരണത്തിന്റെ രേഖകൾ ഹാജരാക്കിയിട്ടില്ലാത്തതിനാൽ 1,15,087/- രൂപയും പലിശയും തിരിച്ചടയ്ക്കാൻ 06.10.2025 തീയതിയിലെ ആലത്തൂർ വിദ്യാഭ്യാസ ഓഫീസറുടെ കത്തിൽ ടിയൾക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ഈ സ്കൂളിലെ തന്നെ അധ്യാപികയായ ശ്രീമതി. ഹയറുന്നിസ എസ്. ന്റെ പക്കൽ നിന്നും സാലറി സർട്ടിഫിക്കറ്റ് വാങ്ങി ജില്ലാ സഹകരണ ബാങ്ക് വടക്കാഞ്ചേരി ശാഖയിൽ നിന്നും 10 ലക്ഷം രൂപ വായ്പ നേടിയെടുക്കുകയും, തിരിച്ചടവ് മുടങ്ങിയതിനെ തുടർന്ന് ശ്രീമതി. ഹയറുന്നിസയിൽ നിന്നും ബാങ്ക് റിക്കവറി നടപടികൾ ആരംഭിച്ചതിനെതിരെ ടി അധ്യാപിക ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 38270/ 2024 ഹർജിയിൽ 14,16,986/- രൂപയും, പലിശയും ബാങ്ക് ചാർജ്ജും ശ്രീ. മുഹമ്മദ് ഹുസൈന്റെ വിരമിക്കൽ ആനുകൂല്യങ്ങളിൽ നിന്ന് ഈടാക്കുന്നതിനായി 13.11.2024 തീയതിയിലെ വിധിന്യായത്തിൽ ബഹു. കേരള ഹൈക്കോടതി ഉത്തരവായിട്ടുണ്ട്. ഇത്തരത്തിൽ, ബാധ്യതകളും

കേസുകളും നിലനിൽക്കുന്ന സാഹചര്യത്തിൽ ശ്രീ.എ.എസ്. മുഹമ്മദ് ഹുസൈന്റെ സസ്പെൻഷൻ കാലയളവ് റെഗുലറൈസ് ചെയ്യാൻ മാനേജർ കത്ത് നൽകാത്ത സാഹചര്യത്തിൽ ശ്രീ. മുഹമ്മദ് ഹുസൈൻ സമർപ്പിച്ച റിവിഷൻ ഹർജി നിരസിച്ച് ഉത്തരവാകണമെന്ന് അപേക്ഷിക്കുന്നു.

4. **പൊതു വിദ്യാഭ്യാസ ഓഫീസർമാരുടെ സമാനമായ വാദങ്ങൾ ഇപ്രകാരമാണ്:**

കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ പ്രധാനാധ്യാപകനായിരുന്ന ശ്രീ. മുഹമ്മദ് ഹുസൈനെ 21.07.2022 തീയതി മുതൽ സ്കൂൾ മാനേജർ 15 ദിവസത്തേക്ക് വേല വിലക്കുകയും, വേലവിലക്ക് കാലയളവ് ദീർഘിപ്പിക്കുന്നതിന് സ്കൂൾ മാനേജർക്ക് ആലത്തൂർ AEO അനുമതി നൽകുകയും സസ്പെൻഷന്റെ സാധുത സ.ഉ.(സാധാ)നം.2368/2023 തീയതി 11/4/2023 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുള്ളതാണ്. WP(C) No.39034/2023- മേലുള്ള ബഹു. ഹൈക്കോടതിയുടെ വിധിന്യായം നടപ്പിലാക്കിയതിന്റെ ഭാഗമായി മാനേജർ 26/07/2024 ലെ ഉത്തരവ് പ്രകാരം ടിയാനെ സേവനത്തിൽ തിരികെ പ്രവേശിപ്പിക്കുകയും അപ്രകാരം 27/07/2024 ന് ടിയാൻ തിരികെ ജോലിയിൽ പ്രവേശിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ ടിയാനെതിരെ മാനേജർ സ്വീകരിച്ചിട്ടുള്ള അച്ചടക്കനടപടിയുമായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി ഔപചാരികമായ അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി വിഷയത്തിൽ 24/09/2024, 18/10/2024 തീയതികളിൽ അന്വേഷണം നടത്തുകയും നടപടികൾ തുടർന്നുവരികയുമാണ്.

മേൽ സാഹചര്യങ്ങൾ നിലനിൽക്കെ, സ്കൂൾ മാനേജർ ശ്രീമതി. സാബിറ റഷീദ് ടിയാരിയുടെ 26.11.2024-ലെ കത്തിലൂടെ മാനേജർ സ്ഥാനം ഒഴിഞ്ഞതായും, പകരം എഡ്യൂക്കേഷണൽ ഏജൻസിയിലെ മറ്റൊരു ആളെ നിയമിക്കണമെന്ന് ആവശ്യപ്പെട്ടതായും കാണുന്നു. ഈ അപേക്ഷ 27.11.2024 തീയതിയിലാണ് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് ലഭിച്ചിട്ടുള്ളത്. ആയത് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിലെ 31/01/2025 തിയതിയിലെ AEOALT/914/2024-C നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു.

തുടർന്ന്, ശ്രീമതി. സാബിറ റഷീദ് മാനേജരുടെ ഔദ്യോഗിക പദവി ഉപയോഗിച്ച് 21/11/2024 എന്ന മുൻ തീയതി വച്ച് ശ്രീ. മുഹമ്മദ് ഹുസൈന്റെ 21/07/2022 മുതൽ 26/07/2024 വരെയുള്ള വേലവിലക്ക് കാലയളവ് ഡ്യൂട്ടി ആയി ക്രമവൽക്കരിച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതാണ്. ടി ഉത്തരവ് രജിസ്റ്റേർഡ് തപാൽ ആയി 09/01/2025-ൽ പോസ്റ്റ് ചെയ്തിട്ടുള്ളതായും, ആയത് 10/01/2025 തീയതിക്ക് ആലത്തൂർ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ കാര്യാലയത്തിൽ കൈപ്പറ്റിയിട്ടുള്ളതായും കാണുന്നു. ഇതിൽ നിന്നും, ശ്രീമതി സാബിറ റഷീദ് തന്റെ മാനേജർ സ്ഥാനം ഒഴിയുന്നതായി 26/11/2024-ൽ കത്ത് സമർപ്പിച്ചതിന് ശേഷമാണ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് സുവ്യക്തമാണ്. 21/11/2024 ലെ മുൻ തീയതി വച്ച് തയ്യാറാക്കിയതാണ് പ്രസ്തുത നടപടിക്രമം. കൂടാതെ ശ്രീ. മുഹമ്മദ് ഹുസൈന്റെ വേലവിലക്ക് സർക്കാർ അംഗീകരിച്ചിട്ടുള്ളതും ടിയാൻ അച്ചടക്കനപടിക്ക് അർഹനാണെന്ന് കണ്ടെത്തിയിട്ടുള്ളതുമാണ്. കൂടാതെ ടിയാന് സ്കൂൾ മാനേജർ നൽകിയിട്ടുള്ള കുറ്റപത്രവും കുറ്റാരോപണ പത്രികയും RULE 75 CHAPTER XIV-A KER പ്രകാരം ഔപചാരിക അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ബഹു. ഹൈക്കോടതി

ചുമതലപ്പെടുത്തിയിരുന്നു. ടി അന്വേഷണം നാളിതുവരെ നടത്താത്തതിന് ജില്ലാ വിദ്യാഭ്യാസ ഓഫീസർ സമർപ്പിച്ച വിശദീകരണം പരിശോധിച്ചതിൽ ശ്രീ. മുഹമ്മദ് ഹുസൈന്റെ എല്ലാ അച്ചടക്ക നടപടികളും അവസാനിപ്പിച്ചതായി 10/01/2025-ൽ മാനേജരുടെ പേരിൽ സമർപ്പിച്ച റിപ്പോർട്ടിന്റെ നിജസ്ഥിതി അറിയുന്നതിലുണ്ടായ കാലതാമസമാണ് അന്വേഷണം നടത്തുന്നതിൽ കാലതാമാസമുണ്ടായതെന്ന് അറിയിച്ചിട്ടുണ്ട്. 15/10/2025 ലെ ഹിയറിംഗിനു മുന്നോടിയായി സ്കൂൾ മാനേജർ സമർപ്പിച്ച റിപ്പോർട്ട് പരിശോധിച്ചതിൽ ശ്രീ. മുഹമ്മദ് ഹുസൈന്റെ എല്ലാ അച്ചടക്ക നടപടികളും അവസാനിപ്പിച്ചതായി 10/01/2025-ൽ മാനേജരുടെ പേരിൽ സമർപ്പിച്ച റിപ്പോർട്ടും, ടിയാന്റെ വേലവിലക്ക് കാലയളവ് ക്രമീകരിച്ചതായ മാനേജരുടെ ഉത്തരവും മുൻ തീയതി വച്ച് ക്രമവിരുദ്ധമായി തയ്യാറാക്കിയതാണെന്ന് കാണുന്നു.

മേൽ സാഹചര്യത്തിൽ, ബഹു. ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ, RULE 75 പ്രകാരമുള്ള അന്വേഷണം അടിയന്തരമായി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിക്കാൻ പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദേശം നല്കാവുന്നതാണ്.

**5.** സർക്കാർ ഈ വിഷയം ഹർജിക്കാരന്റെ വാദം, വിദ്യാഭ്യാസ ഓഫീസർമാരുടെ റിപ്പോർട്ട്, നിലവിലെ ചട്ടങ്ങൾ, സർക്കാർ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ വിശദമായി പരിശോധിച്ചു. കൊട്ടാരശ്ശേരി എ.എൽ.പി. സ്കൂളിലെ പ്രധാനാധ്യാപകനായിരുന്ന ശ്രീ. മുഹമ്മദ് ഹുസൈനെ 21/07/2022 തീയതി മുതൽ സ്കൂൾ മാനേജർ വേലവിലക്കുകയും ശ്രീ. മുഹമ്മദ് ഹുസൈൻ 21/07/2022 മുതൽ വേല വിലക്കപ്പെട്ട ഒഴിവിൽ ശ്രീമതി. ധന്യ ഗോപാലിനെ പ്രധാനാധ്യാപികയായി നിയമിക്കുകയും നിയമനം വ്യവസ്ഥാപിത ഒഴിവിൽ അല്ല സസ്പെൻഷൻ കാലയളവിൽ ആണ് എന്ന കാരണത്താൽ നിരസിക്കപ്പെടുകയും ചെയ്തു. ഇതിനെതിരെ ധന്യ ഗോപാൽ ഫയൽ ചെയ്ത WP(C) 43420/2024 ബഹു. കോടതിയുടെ പരിഗണനയിലാണ്. WP(C) 39034/2023 ലെ വിധിന്യായം നടപ്പിലാക്കിയതിന്റെ ഭാഗമായി മാനേജർ 26.07.2024 തീയതിയിൽ ശ്രീ.മുഹമ്മദ് ഹുസൈനെ സേവനത്തിൽ തിരികെ പ്രവേശിപ്പിച്ചു. മാനേജർ സ്വീകരിച്ചിട്ടുള്ള അച്ചടക്ക നടപടിയായി ബന്ധപ്പെട്ട് ബഹു. കേരള ഹൈക്കോടതി ഔപചാരിക അന്വേഷണം നടത്തുന്നതിന് പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസറെ ചുമതലപ്പെടുത്തുകയും ഇതിൻപ്രകാരം പാലക്കാട് ജില്ലാ വിദ്യാഭ്യാസ ഓഫീസർ 24.09.2024, 18.10.2024 തീയതികളിൽ അന്വേഷണം നടത്തുകയും ചെയ്തു.

മാനേജർ ശ്രീമതി. സാബിറ റഷീദ് ശ്രീ. മുഹമ്മദ് ഹുസൈന്റെ 21.07.2022 മുതൽ 26.07.2024 വരെയുള്ള വേലവിളക്ക് കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ച് അംഗീകാരത്തിനായി സമർപ്പിക്കുകയും വിദ്യാഭ്യാസ ഓഫീസർമാർ ടി ക്രമീകരണം നിരസിക്കുകയും ചെയ്തു. 26.11.2024 ലെ കത്തിലൂടെ മാനേജർ സ്ഥാനം ഒഴിഞ്ഞതായി അറിയിച്ച ശ്രീമതി. സാബിറ റഷീദ് 21.11.2024 എന്ന മുൻ തീയതി വച്ചാണ് ശ്രീ. മുഹമ്മദ് ഹുസൈന്റെ വേലവിലക്ക് കാലയളവ് ഡ്യൂട്ടിയായി ക്രമീകരിച്ചത് എന്നതിനാലും റൂൾ 75 ചാപ്റ്റർ XIV KER പ്രകാരമുള്ള അന്വേഷണം പൂർത്തിയായിട്ടില്ല എന്നതിനാലുമാണ് നിയമനം നിരസിച്ചിരിക്കുന്നത്.

WP(C) 39034/2023 റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായ പ്രകാരം നടന്ന KER, ചാപ്റ്റർ XIV, റൂൾ 75 പ്രകാരമുള്ള അന്വേഷണവുമായി ബന്ധപ്പെട്ട് ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് കുറ്റകരമായ അനാസ്ഥ ഉണ്ടായതായി വ്യക്തമാണ്. ഒരു വർഷത്തോളമുള്ള അന്വേഷണത്തിലെ കാലതാമസം ശ്രീ. മുഹമ്മദ് ഹുസൈന്റെ അച്ചടക്ക

നടപടികൾ അവസാനിപ്പിച്ചതായി മാനേജർ സമർപ്പിച്ച റിപ്പോർട്ടിന്റെ നിജസ്ഥിതി അറിയുന്നതിനുള്ള കാലതാമസം കൊണ്ടാണ് എന്നുള്ളത് കാലതാമസത്തിന് മതിയായ വിശദീകരണമല്ല. 18.10.2024 ന് സ്കൂളിൽ നടത്തിയ അന്വേഷണത്തിനിടയിൽ പ്രധാനാധ്യാപകന്റെ മുറിയിൽ സി.സി.ടി.വി. കണ്ടെത്തിയതിനെ തുടർന്ന് അന്വേഷണ സംഘവും സ്കൂൾ അധികൃതരുമായി ഉണ്ടായ തർക്കങ്ങൾക്ക് ശേഷം തുടർന്ന് നടപടികൾ ഒന്ന് സ്വീകരിച്ചില്ല എന്ന വസ്തുത ഹിയറിംഗ് വേളയിൽ വ്യക്തമായിട്ടുള്ളതാണ്.

6. മേൽ സാഹചര്യത്തിൽ, WP(C) 39034/2023 റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായമനുസരിച്ച് കേരള വിദ്യാഭ്യാസ ചട്ടങ്ങൾ, ചാപ്റ്റർ XIV-A, ചട്ടം 75 പ്രകാരം നടന്നുവരുന്ന അന്വേഷണങ്ങൾ പൂർത്തിയായിട്ടില്ലാത്തതിനാൽ വേലവിലക്ക് കാലഘട്ടത്തിലെ സർവീസും ശമ്പളവും മുഴുവൻ ആനുകൂല്യങ്ങളും അനുവദിച്ചു കിട്ടണമെന്ന പരാമർശം (1) ഹർജിയിലെ ശ്രീ. എ.എസ്. മുഹമ്മദ് ഹുസൈന്റെ ആവശ്യം നിരസിച്ചുകൊണ്ട് അപ്രകാരം WP(C) No. 15037/2025 ൽ ബഹു. ഹൈക്കോടതിയുടെ 13/06/2025 തീയതിയിലെ വിധിന്യായം പാലിച്ച് ഉത്തരവാകുന്നു.

7. കൂടാതെ, WP(C) 39034/2023 റിട്ട് ഹർജിയിലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം പ്രകാരമുള്ള അന്വേഷണത്തിൽ കുറ്റകരമായ കാലതാമസം വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ കർശനമായ അച്ചടക്ക നടപടി സ്വീകരിച്ച് പാലക്കാട് കൊട്ടാരശ്ശേരി എ എൽ പി സ്കൂളിലെ പ്രഥമാദ്ധ്യാപകൻ ശ്രീ എ. എസ്. മുഹമ്മദ് ഹുസൈനെതിരെ സ്കൂൾ മാനേജറുടെ ആരോപണങ്ങളിന്മേലും ടിയാൾക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിന്മേലും അന്വേഷണം പൂർത്തിയാക്കി ഒരു മാസത്തിനുള്ളിൽ സർക്കാരിൽ റിപ്പോർട്ട് സമർപ്പിക്കാൻ പൊതുവിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
M RATHEESH
അണ്ടർ സെക്രട്ടറി

പകർപ്പ്:

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ആമുഖ കത്ത് സഹിതം)
പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
വിദ്യാഭ്യാസ ഉപഡയറക്ടർ, പാലക്കാട്.
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, പാലക്കാട്.
ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, ആലത്തൂർ, പാലക്കാട്.
മാനേജർ, എ എൽ പി സ്കൂൾ, കൊട്ടാരശ്ശേരി, പാലക്കാട്.
ശ്രീ. എ. എസ്. മുഹമ്മദ് ഹുസൈൻ, ഹെഡ് മാസ്റ്റർ, എ എൽ പി സ്കൂൾ, കൊട്ടാരശ്ശേരി, പാലക്കാട്.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), കേരള, തിരുവനന്തപുരം.

വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ് (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by

Meera S S

Date: 31-12-2025 12:09:48

സെക്ഷൻ ഓഫീസർ